**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4375** **28-10-2021 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ താന്ന്യം പഞ്ചായത്ത് സഹകരണ ബാങ്കിലെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ താന്ന്യം പഞ്ചായത്ത് സഹകരണ ബാങ്കിന്റെ പെരിങ്ങോട്ടുകര ബ്രാഞ്ചിൽ നിന്നും പണയ സ്വർണം കളവ് പോയത് സംബന്ധിച്ച ക്രൈം ബ്രാഞ്ച് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; കുറ്റവാളികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | പൂർത്തീകരിച്ചിട്ടില്ല. |
| (ബി) | അന്വേഷണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അന്വേഷണം നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന അഴിമതിയും കളവുകളും അന്വേഷിക്കുന്നതിന് സ്വകാര്യ കുറ്റാന്വേഷണ ഏജൻസികളെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; | (ബി) | പ്രസ്തുത കേസ് തൃശ്ശൂർ റൂറൽ ജില്ല അന്തിക്കാട് പോലീസ് സ്റ്റേഷൻ ക്രൈ നം. 233/12 u/s 409, 34 IPC ആയി രജിസ്റ്റർ ചെയ്ത് അന്തിക്കാട് പോലീസ് സ്റ്റേഷൻ Station House Officer അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം സമർപ്പിച്ചിട്ടുള്ള താണ്. തുടർന്ന് ബഹു.കേരള ഹൈക്കോടതിയിൽ WP(C) 13646/17 ആയി സമർപ്പിച്ച റിട്ട് ഹർജിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ച് ഏറ്റെടുക്കുകയും തൃശ്ശൂർ ക്രൈം ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് 15/10/2018 തീയതി മുതൽ തുടരന്വേഷണം നടത്തി വരികയുമാണ്. സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന അഴിമതിയും കളവുകളും അന്വേഷിക്കുന്ന തിന് സ്വകാര്യ കുറ്റാന്വേഷണ ഏജൻസി കളെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ മേൽപ്പറഞ്ഞ ബാങ്കിലെ പണയ സ്വർണം കളവുപോയ സംഭവത്തിൽ സ്വകാര്യ കുറ്റാന്വേഷണ ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തിയ സാഹചര്യം വ്യക്തമാക്കുമോ; പോലീസിൽ പരാതി നൽകാതെ സ്വകാര്യ അന്വേഷണ ഏജൻസിയെ നിയോഗിച്ച ബാങ്ക് ഭരണസമിതിക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | താന്ന്യം പഞ്ചായത്ത് സഹകരണ ബാങ്കിന്റെ പെരിങ്ങോട്ടുകര ബ്രാഞ്ചിൽ നിന്നും സ്വർണ്ണം കളവുപോയ സംഭവ ത്തിൽ 2010-11 കാലത്തുള്ള ഭരണസമിതി ആണ് സ്വകാര്യ കുറ്റാന്വേഷണ ഏജൻസി യെക്കൊണ്ട് അന്വേഷണം നടത്തിയത്. ആയതു നിയമാനുസൃതമല്ല എന്ന് തൃശ്ശൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിൽ നിന്നും അറിയിച്ച തിനെ തുടർന്ന് 30/05/2011 ന് അന്തിക്കാട് പോലീസിൽ പ്രസ്തുത സംഘം കേസ് |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. പോലീസിൽ സംഘം പരാതി നൽകിയ സാഹചര്യത്തിൽ സംഘം ഭരണസമിതി ക്കെതിരെ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ